LIBRARY ARCHIVES Kerala Legislative Assembly

ധന്വന്തരി സെന്ററുകൾ

96 (2305) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധന്വന്തരി സെന്ററുകൾ നിലവിൽ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട് ; ഓരോ ജില്ലയിലും എത്ര ജീവനക്കാർ പ്രസ്തുത സെന്ററുകളിൽ ജോലി ചെയ്യുന്നുണ്ട്; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ധന്വന്തരി സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുവാൻ ധന്വന്തരി സെന്ററുകളെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെകീഴിൽ കൊണ്ടുവരുന്നതിനും കെ.എച്ച്.ആർ.ഡബ്ല്യു.എസ്.മാതൃകയിൽ ഒരു സ്ഥാപനമായി മാറ്റാനും ആലോചിക്കുന്നുണ്ടോ ?

ഉത്തരം

(എ) ധന്വന്തരി സെന്ററുകൾ നിലവിൽ 5 ജില്ലകളിൽ പ്രവർത്തിക്കുന്നു. ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	ജീവനക്കാരുടെ എണ്ണം
1.	തിരുവനന്തപുരം	33
2.	കൊല്ലം	21
3.	കോട്ടയം	15
4.	എറണാകുളം	23
5.	കാസർഗോഡ്	3

(ബി) സമയാസമയങ്ങളിൽ എക്സിക്യൂട്ടീവ് കമ്മിറ്റി കൂടി സെന്ററിന്റെ പ്രവർത്തനം നല്ല നിലയിൽ നിരീക്ഷിച്ച് ലാഭകരമായി പ്രവർത്തിപ്പിക്കുന്നു.

(സി) ഇപ്പോൾ ആലോചനയിലില്ല.